പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1980 06.07.2015-ൽ മറുപടിക്ക്

റിസേർവ് കണ്ടക്ടർ / റിസേർവ് ഡ്രൈവർ നിയമനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. റ്റി.വി. രാജേഷ് : | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |
| (എ) | നിലവിലുള്ള പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നും റിസർവ്വ് കണ്ടക്ടർ, റിസർവ്വ് ഡ്രൈവർ തസ്തികകളിലേയ്ക്ക് എത്ര പേരെയാണ് അഡ്വൈസ് ചെയ്തതെന്ന് വിശദമാക്കുമോ ; ഇവരിൽ എത്ര പേർക്ക് നിയമനം നൽകി ; വിശദാംശം നൽകുമോ ; | (എ) | നിലവിലുള്ള പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നും റിസർവ്വ് കണ്ടക്ടർ തസ്തികയിലേക്ക് 9300 പേരെ അഡ്വൈസ് ചെയ്തതിൽ 6363 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. റിസർവ്വ് ഡ്രൈവർ തസ്തികയിലേക്ക് പി.എസ്.സി അഡ്വൈസ് ചെയ്ത ലിസ്റ്റ് പ്രകാരം 3974 പേർ ഉണ്ടായിരുന്നു. ഇതിൽ കെ.എസ്.ആർ.ടി.സി 3939 പേർക്ക് നിയമനം നൽകി. 35 പേരുടെ ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റും, ലിസ്റ്റും പി.എസ്.സി.യിൽ നിന്നും നാളിതുവരെ ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ അവർക്ക് നിയമനം നൽകിയിട്ടില്ല. 19.01.2015-ൽ ലഭിച്ച റിസർവ്വ് ഡ്രൈവറുടെ എൻ.സി.എ ലിസ്റ്റിൽ നിന്നും 1146 പേരെ അഡ്വൈസ് ചെയ്തതിൽ 386 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. |
| (ബി) | അഡ്വൈസ് മെമ്മോ ലഭിച്ച കണ്ടക്ടർ ലിസ്റ്റിലുള്ളവർക്ക് ഒരു വർഷത്തിനകം നിയമനം നൽകുമെന്ന് യുവജനസംഘടനകളുടെ സമരത്തെത്തുടർന്ന് നടന്ന ചർച്ചയിൽ നൽകിയ ഉറപ്പ് പാലിക്കപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ബി) | കണ്ടക്ടർ ലിസ്റ്റിൽ നിന്നും അഡ്വൈസ് മെമ്മോ ലഭിച്ച മുഴുവൻ ഉദ്യോഗാർത്ഥികൾക്കും യുവജന സംഘടനകളുടെ സമരത്തെ തുടർന്ന് നടന്ന ചർച്ചയിൽ നൽകിയ ഉറപ്പ് പ്രകാരം നിയമനം നൽകുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. |

സെക്ഷൻ ഓഫീസർ